# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2713 — 21.06.2012 ന് മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണവും ടൈപ്പിസ്റ്റ് നിയമനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളിൽ ടൈപ്പിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളിൽ ടൈപ്പിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) വിവിധതരം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടറിലൂടെ നൽകുന്നതിന് ടൈപ്പിസ്റ്റിന്റെ സേവനം അത്യാവശ്യമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും<br>വില്ലേജ് ഓഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ സംവിധാനം മുഖാന്തിരം വിതരണം ചെയ്യുന്നതിനും ഓൺലൈൻ പോക്കുവരവ് സാദ്ധ്യമാക്കുന്നതിനും ReLIS എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച്, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 573 വില്ലേജുകളിൽ നടപ്പിലാക്കി വരുന്നു. ഇതിനായി വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാർക്ക് തന്നെ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് വില്ലേജ് റിക്കാർഡുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് ടൈപ്പിസ്റ്റിന്റെ സേവനം അത്യാവശ്യമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ